# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

<u>ചോദ്യം നം.2577</u> <u>19.12.2012 ൽ മറുപടിക്ക്</u>

<u>കാലടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ: | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും കുറവുമൂലം 8 മണിക്കൂറാക്കി കുറച്ചതിനാൽ ദിനംപ്രതി ആശുപത്രിയിലെത്തുന്ന ആയിരിക്കണക്കിന വരുന്ന സാധാരണക്കാരായ രോഗികൾക്ക് കഷ്ടപ്പാടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ? | (ബി) | കാലടി സി.എച്ച്.സി. യിൽ 24 മണിക്കൂറും ഐ.പി. പ്രവർത്തിച്ചിരുന്ന സമയത്ത് ഒരു സിവിൽ സർജ്ജനും 4 അസിസ്റ്റന്റ് സർജ്ജന്മാരും 2 എൻ.ആർ.എച്ച്.എം. ഡോക്ടർമാരും ഒരു സി.ആർ.എസ് ഡോക്ടറും ജോലി ചെയ്തു വന്നിരുന്നു. എന്നാൽ എൻ.ആർ.എച്ച്.എം. ൽ നിന്നും |

| | | | |
|---|---|---|---|
| | | | നിലവിൽ ജോലിചെയ്തിരുന്ന 2 ഡോക്ടർമാരും രാജി വയ്ക്കുകയും നിലവിൽ അസിസ്റ്റന്റ് സർജൻമാർ ആയി ജോലി ചെയ്തു വന്നിരുന്ന 4 മെഡിക്കൽ ഓഫീസർമാരിൽ ഒരാളെ ക്യാൻസർ സ്പെഷ്യലിസ്റ്റ് ആയി ജോലി ക്രമീകരണ അടിസ്ഥാനത്തിൽ എറണാകുളം ജനറൽ ആശുപത്രിയിൽ നിയമിക്കുകയും ചെയ്തു. ഇങ്ങനെ ഡോക്ടർമാരുടെ അഭാവം മൂലമാണ് നിലവിൽ 24 മണിക്കൂർ പ്രവർത്തിച്ചുകൊണ്ടിരുന്ന സേവനം തുടർന്നുപോകാൻ കഴിയാത്തത്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് 24 മണിക്കൂർ സേവനം തുടർന്നുപോകണമെങ്കിൽ 7 അസിസ്റ്റന്റ് സർജന്മാരുടെയും 1 സിവിൽ സർജന്റേയും തസ്തികകൾ അത്യാവശ്യമാണ്.<br>കാലടി സി.എച്ച്.സി.യിൽ 4 അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക മാത്രമേ ഉള്ളൂ. ബാക്കി 3 അധികമായി വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ